# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1229** **11.06.2019 ൽ മറുപടിക്ക്**

### പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

**ചോദ്യം**
**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചത് എന്നാണ് എന്നും ഡിസൈനിന് അന്തിമ അനുമതി നൽകിയത് എന്നാണ് എന്നും പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ് എന്നും അറിയിക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ Tentative Design 13/07/2018 ന് ലഭ്യമാകുകയും ആയതിന് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിട്ടുമുണ്ട്. Final Design ഇതുവരെയും ലഭ്യമായിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിങ്ങ് 22/06/2018 ന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിങ്ങ് ജൂൺ മാസം 20-ാം തീയതിയ്ക്കകം പൂർത്തീകരിച്ച് നൽകും. പ്രവൃത്തി സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കം ചെയ്യാത്തതിനാൽ ടെണ്ടർ നടപടികൾ വൈകാൻ ഇടയായി. തുടർന്ന് ലോകസഭ ഇലക്ഷനോടനുബന്ധിച്ച് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടെണ്ടർ നടപടികൾ കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യം വരികയും ആയതിനു ശേഷം 14/06/2019 ന് കോഴിക്കോട് കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നുണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നുണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**